**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൂക്കൈതക്കടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊന്നാനി നിയോജകമണ്ഡലത്തിലെ പൂക്കൈതക്കടവ് പാലത്തിന്റെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | പൂക്കൈതക്കടവ് പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 6(1) നോട്ടിഫിക്കേഷൻ 06/05/2022-ന് പ്രസിദ്ധീകരിക്കുകയും, പദ്ധതിയുടെ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് ആയതിന്റെ സ്കെച്ച് 11/07/2023-ന് കിഫ്ബി എൽ.എ തഹസിൽദാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 12/10/2023 തീയതിയിലെ സ.ഉ.(സാധാ) നം.3678/2023/ആർ.ഡി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി പുതുക്കിയ ഭരണാനുമതി റെവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ളതും, കണ്ടിജൻസി തുകയായ 1,03,003/- രൂപ 05/07/2023-നും അധിക കണ്ടിജൻസി തുകയായ 6,33,983/- രൂപ 20/02/2024-നും കിഫ്ബി എൽ.എ സ്പെഷ്യൽ തഹസിൽദാർക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 4(1) നോട്ടിഫിക്കേഷൻ 21/03/2024-ന് പ്രസിദ്ധീകരിക്കുകയും സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയായിട്ടുള്ളതും, 11(1) നോട്ടിഫിക്കേഷൻ 30/10/2024-നും 02/08/2025-നും പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൂടാതെ, കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് തുക 31.97 കോടി രൂപ) 08/02/2024-ന് പുനർസമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും, കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് മറ്റു നടപടികളിലേക്ക് കടക്കാനാകും. |
| (ബി) | കിഫ്ബിയുടെ സഹായത്തോടെ ആരംഭിക്കുന്ന ഈശ്വരമംഗലം ശ്മശാനം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (ബി) | ഈശ്വരമംഗലം ശ്മശാനം പദ്ധതി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടതല്ല. |

സെക്ഷൻ ഓഫീസർ